**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **11-09-2023 - ൽ മറുപടിയ്ക്ക്**

**ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയുടെ ഉപരിതലം പൂർണ്ണമായി പുതുക്കിയിട്ട് എത്ര വർഷമായി; വിശദാംശം അറിയിക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിലെ ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയുടെ ഉപരിതലം പൂർണ്ണമായി പുതുക്കിയത് 9 വർഷങ്ങൾക്ക് മുൻപ് 2013-ലാണ്. പ്രസ്തുത റോഡിൽ കി.മീ.1/000 മുതൽ 10/000 കി.മീ. വരെയുള്ള ഭാഗത്തിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തി 2023 ജൂൺ മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | ഹിൽ ഹൈവേയുടെ ഭാഗമായി പ്രസ്തുത റോഡിൽ എത്ര കിലോമീറ്റർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്; ഇന്റർ സ്റ്റേറ്റ് റോഡായ പ്രസ്തുത റോഡിന്റെ ബാക്കി കിലോമീറ്റർ റോഡ് കൂടി ഹിൽ ഹൈവേ സ്റ്റാൻഡേർഡിൽ വികസിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഇന്റർ സ്റ്റേറ്റ് റോഡായ ചെർക്കള-ജാൽസൂർ റോഡിന്റെ (SH -55) ആകെ നീളം 39.14 കി.മീ. ആണ് (കി.മീ. 0/000മുതൽ 39/140 വരെ).ഹിൽ ഹൈവേയുടെ ഭാഗമായി പ്രസ്തുത റോഡിൽ കി.മീ.16/000 മുതൽ കി.മീ 22/000 വരെയുള്ള 6 കി.മീ. കെ.ആർ.എഫ്.ബി വിഭാഗത്തിന് കീഴിലാണ് അഭിവൃദ്ധിപ്പെടുത്തുന്നത്. ഈ റോഡിൽ ഇനി അഭിവൃദ്ധിപ്പെടുത്താനുള്ളത് കി.മീ. 0/000 മുതൽ 1/000 വരെയും (1 കി.മീ.) കി.മീ. 10/000 മുതൽ കി.മീ.16/000 വരെയും (6.00 കി.മീ.) കി.മീ. 22/000 മുതൽ കി.മീ. 39/140 വരെയും (17.140കി.മീ.) ഉൾപ്പെടെ ആകെ 24.140 കി.മീ. ആണ്. ഈ റോഡിന്റെ ശരാശരി വീതി 5.50 മീറ്ററാണ്.<br><br>ഹിൽ**ഹൈവേ**യുടെ ഭാഗമായി ചെർക്കള -ജാൽസൂർ സ്റ്റേറ്റ് ഹൈവേയിലെ മുള്ളേരിയ മുതൽ പടിയത്തടുക്ക വരെയുള്ള 6 കി.മീ. റോഡ് ചേവാർ എടപ്പറമ്പ റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി - പി.എം.യു മുഖേന അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്. **ചെർക്കള ജാൽസൂർസ്റ്റേറ്റ്ഹൈവേയുടെ ch.10/00 to 16.00 km, 22/00 to 39/138 km ഉൾപ്പെടുന്ന 23.138 km കെ.എസ്.ടി.പി യുടെ OPBRC പാക്കേജ് IV പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. റോഡ് വികസനത്തിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണ്** |

സെക്ഷൻ ഓഫീസർ